# 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 46** **05-12-2022 - ൽ മറുപടിയ്ക്ക്**

### മാതൃവകുപ്പിൽ സീനിയോരിറ്റി പുനഃസ്ഥാപിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.എസ്. ആൻറ് എസ്.എസ്.ആർ. റൂൾ 8 പ്രകാരം പഞ്ചായത്ത് വകുപ്പിൽ നിന്നും മാതൃവകുപ്പായ കേരള പബ്ലിക് സർവീസ് കമ്മീഷനിലേക്ക് തിരികെ വന്ന ജോൺസൻ ജി. എന്ന ആളുടെ മുഴുവൻ സീനിയോറിറ്റിയും പുനഃസ്ഥാപിച്ച് നൽകാത്തതിന്റെയും സാമ്പത്തിക ആനുകൂല്യങ്ങളുടെ കുടിശ്ശിക നൽകാത്തതിന്റെയും കാരണങ്ങൾ വ്യക്തമാക്കുമോ; | (എ) | 14.06.2013 ലെ സ.ഉ.(അച്ചടി)നം.19/2013/ പി.ആന്റ്.എ.ആർ.ഡി ഉത്തരവ് പ്രകാരം കെ.എസ്&എസ്.എസ്.ആർ ഭാഗം 2 ചട്ടം 8 ൽ വരുത്തിയ ഭേദഗതി ശ്രീ.ജോൺസന്റെ പുനർനിയമനത്തിന് ബാധകമാകാത്തതിനാൽ പി.എസ്.സിയിൽ പുനർനിയമനത്തിന് ശേഷം ശ്രീ.ജോൺസൺ.ജി യ്ക്ക് പ്രസ്തുത ഭേദഗതിക്ക് മുമ്പുള്ള കെ.എസ്.&എസ്.എസ്.ആർ ചട്ടം, 8 ലെ വ്യവസ്ഥകൾ പ്രകാരം സർവ്വീസ് ആനുകൂല്യങ്ങൾക്കാണ് അർഹത.<br><br>ശ്രീ.ജോൺസൺ.ജി പുന:പ്രവേശിച്ചതിനു ശേഷം തസ്തിക മാറ്റം വഴിയുള്ള നിയമനത്തിനായി അസിസ്റ്റന്റ് തസ്തികയിൽ ആദ്യം വന്ന ഒഴിവിൽ 19.10.2016 ൽ ടിയാന് നിയമനം നൽകിയിട്ടുണ്ട്. കെ.പി.എസ്.സി-യിൽ അറ്റൻഡർ ഗ്രേഡ്-I തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം ലഭിക്കുന്ന ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ 22.10.2003 തീയതി പ്രാബല്യത്തിലും ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിൽ 22.09.2006 തീയതി പ്രാബല്യത്തിലും സ്ഥാനക്കയറ്റം അനുവദിച്ച് 06.04.2022 ൽ സീനിയോറിറ്റി പുന:സ്ഥാപിച്ച് ഉത്തരവായിട്ടുണ്ട്. സാമ്പത്തിക ആനുകൂല്യം നൽകുന്നതിനുള്ള നടപടി ക്രമം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വീകരിച്ചുവരുന്നു.<br><br>മേൽ വിഷയം സംബന്ധിച്ച സർക്കാരിന്റെ 02.06.2021 ലെ സ്പെഷ്യൽ ഇ1/117/2020/പൊ.ഭ.വ നമ്പർ കത്ത്, 06.12.2021 ലെ സ്പെഷ്യൽ-ഇ1/145/2021/പൊ.ഭ.വ നമ്പർ കത്ത് എന്നിവ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ജോൺസൻ ജി.ക്ക് പഞ്ചായത്ത് വകുപ്പിൽ പോയ 2004 മുതലുള്ള എല്ലാ സർവീസ് സീനിയോറിറ്റിയ്ക്കും | (ബി) | 14.06.2013 ലെ സ.ഉ.(അച്ചടി)നം.19/2013/ പി.ആന്റ്.എ.ആർ.ഡി ഉത്തരവ് പ്രകാരം |

| | | | |
|---|---|---|---|
| | മറ്റ് ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടെന്നുള്ള സർക്കാരിന്റെ രണ്ടു ഉത്തരവുകളും നടപ്പാക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ; നൽകിയിട്ടുണ്ടെങ്കിൽ എന്ന് മുതൽ എന്ന് വരെയുള്ള കാലയളവിലേതാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ; | | കെ.എസ്&എസ്.എസ്.ആർ ഭാഗം 2 ചട്ടം 8 ൽ വരുത്തിയ ഭേദഗതി ശ്രീ.ജോൺസന്റെ പുനർനിയമനത്തിന് ബാധകമാകാത്തതിനാൽ പി.എസ്.സിയിൽ പുനർനിയമനത്തിന് ശേഷം ശ്രീ.ജോൺസൺ.ജി യ്ക്ക് പ്രസ്തുത ഭേദഗതിക്ക് മുമ്പുള്ള കെ.എസ്.&എസ്.എസ്.ആർ ചട്ടം, 8 ലെ വ്യവസ്ഥകൾ പ്രകാരം സർവ്വീസ് ആനുകൂല്യങ്ങൾക്കാണ് അർഹത.<br><br>ശ്രീ.ജോൺസൺ.ജി പുന:പ്രവേശിച്ചതിനു ശേഷം തസ്തിക മാറ്റം വഴിയുള്ള നിയമനത്തിനായി അസിസ്റ്റന്റ് തസ്തികയിൽ ആദ്യം വന്ന ഒഴിവിൽ 19.10.2016 ൽ ടിയാന് നിയമനം നൽകിയിട്ടുണ്ട്. കെ.പി.എസ്.സി-യിൽ അറ്റൻഡർ ഗ്രേഡ്-I തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം ലഭിക്കുന്ന ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ 22.10.2003 തീയതി പ്രാബല്യത്തിലും ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിൽ 22.09.2006 തീയതി പ്രാബല്യത്തിലും സ്ഥാനക്കയറ്റം അനുവദിച്ച് 06.04.2022 ൽ സീനിയോറിറ്റി പുന:സ്ഥാപിച്ച് ഉത്തരവായിട്ടുണ്ട്. സാമ്പത്തിക ആനുകൂല്യം നൽകുന്നതിനുള്ള നടപടി ക്രമം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വീകരിച്ചുവരുന്നു.<br><br>മേൽ വിഷയം സംബന്ധിച്ച സർക്കാരിന്റെ 02.06.2021 ലെ സ്പെഷ്യൽ ഇ1/117/2020/പൊ.ഭ.വ നമ്പർ കത്ത്, 06.12.2021 ലെ സ്പെഷ്യൽ-ഇ1/145/2021/പൊ.ഭ.വ നമ്പർ കത്ത് എന്നിവ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പഞ്ചായത്ത് വകുപ്പിൽ നിന്നും മാതൃവകുപ്പായ കേരള പബ്ലിക് സർവീസ് കമ്മിഷനിലേക്ക് ചട്ടപ്രകാരം തിരികെ എത്തിയ ജോൺസനെ പഞ്ചായത്ത് വകുപ്പിലേക്ക് തിരികെ അയയ്ക്കണമെന്നും കെ.എസ്. ആൻറ് എസ്.എസ്.ആർ. റൂൾ 8-ന്റെ പരിധിയിൽ വരില്ല എന്നുമുള്ള സർവീസിൽ ജൂനിയേർസ് ആയ ജീവനക്കാർ നൽകിയ മൂന്ന് അപ്പീലുകളും കോടതി തള്ളുകയും എല്ലാ സീനിയോരിറ്റിക്കും ടിയാന് അർഹതയുണ്ടെന്നുള്ള ഉത്തരവുകൾ ഉണ്ടായിട്ടും നാളിതുവരെ അത് നൽകിയിട്ടില്ല എന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | 14.06.2013 ലെ സ.ഉ.(അച്ചടി)നം.19/2013/ പി.ആന്റ്.എ.ആർ.ഡി ഉത്തരവ് പ്രകാരം കെ.എസ്&എസ്.എസ്.ആർ ഭാഗം 2 ചട്ടം 8 ൽ വരുത്തിയ ഭേദഗതി ശ്രീ.ജോൺസന്റെ പുനർനിയമനത്തിന് ബാധകമാകാത്തതിനാൽ പി.എസ്.സിയിൽ പുനർനിയമനത്തിന് ശേഷം ശ്രീ.ജോൺസൺ.ജി യ്ക്ക് പ്രസ്തുത ഭേദഗതിക്ക് മുമ്പുള്ള കെ.എസ്.&എസ്.എസ്.ആർ ചട്ടം, 8 ലെ വ്യവസ്ഥകൾ പ്രകാരം സർവ്വീസ് ആനുകൂല്യങ്ങൾക്കാണ് അർഹത.<br><br>ശ്രീ.ജോൺസൺ.ജി പുന:പ്രവേശിച്ചതിനു ശേഷം തസ്തിക മാറ്റം വഴിയുള്ള നിയമനത്തിനായി അസിസ്റ്റന്റ് തസ്തികയിൽ ആദ്യം വന്ന ഒഴിവിൽ 19.10.2016 ൽ ടിയാന് നിയമനം നൽകിയിട്ടുണ്ട്. കെ.പി.എസ്.സി-യിൽ അറ്റൻഡർ ഗ്രേഡ്-I തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം ലഭിക്കുന്ന ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ |

| | | | |
|---|---|---|---|
| | | | 22.10.2003 തീയതി പ്രാബല്യത്തിലും ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിൽ 22.09.2006 തീയതി പ്രാബല്യത്തിലും സ്ഥാനക്കയറ്റം അനുവദിച്ച് 06.04.2022 ൽ സീനിയോറിറ്റി പുന:സ്ഥാപിച്ച് ഉത്തരവായിട്ടുണ്ട്. സാമ്പത്തിക ആനുകൂല്യം നൽകുന്നതിനുള്ള നടപടി ക്രമം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വീകരിച്ചുവരുന്നു.<br><br>മേൽ വിഷയം സംബന്ധിച്ച സർക്കാരിന്റെ 02.06.2021 ലെ സ്പെഷ്യൽ ഇ1/117/2020/പൊ.ഭ.വ നമ്പർ കത്ത്, 06.12.2021 ലെ സ്പെഷ്യൽ-ഇ1/145/2021/പൊ.ഭ.വ നമ്പർ കത്ത് എന്നിവ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | പി.എസ്.സി.-യെ പോലെയുള്ള ഒരു ഭരണഘടനാ സ്ഥാപനത്തിൽ ഒരു ജീവനക്കാരന് അർഹതപ്പെട്ട, ചട്ടപ്രകാരമുള്ള സർവീസ് ആനുകൂല്യങ്ങൾ കഴിഞ്ഞ 17 വർഷക്കാലമായി നിഷേധിക്കുന്നത് വലിയ നീതി നിഷേധമായി പരിഗണിച്ച് ഇതിൽ കുറ്റവാളികളായവരെ മാതൃകാപരമായി ശിക്ഷിക്കുന്നതിന് നടപടി ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ഡി) | ജോൺസൻ ജി. യ്ക്ക് പി.എസ്.സിയിൽ പുന:പ്രവേശനം അനുവദിക്കുകയും മാതൃവകുപ്പിൽ തുടർന്നിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന എല്ലാ പ്രമോഷനുകളും സീനിയോറിറ്റിയും പുന:സ്ഥാപിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | ജോൺസൻ ജി.-യുടെ സർവീസ് സീനിയോരിറ്റി പുന:സ്ഥാപിക്കുമ്പോൾ 2006 മുതൽ 2013 വരെ സീനിയോരിറ്റി നൽകാതിരിക്കാനുള്ള കാരണം ഏത് ചട്ടപ്രാകാരം ആണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കാലയളവ് കൂടി ചേർത്ത് മുഴുവൻ സീനിയോറിറ്റിയും നൽകണമെന്ന ടിയാന്റെ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ? | (ഇ) | താഴ്ന്ന ശമ്പള വിഭാഗം ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ച് വിജ്ഞാപന പ്രകാരം തയ്യാറാക്കുന്ന അർഹതാ ലിസ്റ്റിൽ ഉൾപ്പെടുന്നവരെയാണ് അസിസ്റ്റന്റ് തസ്തികയിൽ തസ്തികമാറ്റം മുഖേന നിയമിക്കുന്നത്. അതായത് ബൈട്രാൻസ്ഫർ മുഖേന അസിസ്റ്റന്റ് തസ്തികയിൽ നിയമനം ലഭിക്കണമെങ്കിൽ ടിയാൻ അതിനുള്ള നിയമന പ്രക്രിയയിൽ പങ്കെടുത്ത്, അപേക്ഷ നൽകി, ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന യോഗ്യതാ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കണം. എന്നാൽ ടിയാൻ ബൈട്രാൻസ്ഫർ നിയമന പ്രക്രിയയുടെ ഭാഗമായി അപേക്ഷ നൽകുകയോ, അതിൻപ്രകാരം തയ്യാറാക്കുന്ന യോഗ്യതാലിസ്റ്റിൽ ഉൾപ്പെടുകയോ ചെയ്യാത്തതിനാൽ പഞ്ചായത്ത് വകുപ്പിൽ LDC തസ്തികയിൽ ജോലി നോക്കിയിരുന്ന കാലയളവിൽ ബൈട്രാൻസ്ഫർ മുഖേന കെ.പി.എസ്.സി യിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകാൻ വ്യവസ്ഥയില്ല എന്ന് പി.എസ്.സി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്

നമ്പർ.സ്പെ.ഇ1/117/2020/പൊഭവ 02/06/2021,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
പട്ടം, തിരുവനന്തപുരം

സർ,

വിഷയം:- പൊഭവ - കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അസിസ്റ്റന്റായ ശ്രീ.ജോൺസൺ.ജി മാതൃവകുപ്പിൽ തുടർന്നിരുന്നുവെങ്കിൽ ലഭിക്കേണ്ടിയിരുന്ന സീനിയോറിറ്റി അനുവദിക്കുന്നത് - സ്പഷ്ടീകരണം - സംബന്ധിച്ച്

സൂചന:- താങ്കളുടെ 15.12.2020 തീയതിയിലെ എസ്റ്റാ III (3)34872/2006/GW നമ്പർ കത്ത്

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അസിസ്റ്റന്റ് തസ്തികയിൽ നിലവിൽ ജോലി നോക്കിവരുന്ന ശ്രീ.ജോൺസൺ.ജി-യ്ക്ക് 19/3/2013 - ൽ അറ്റൻഡർ ഗ്രേഡ് തസ്തികയിലേക്ക് പുനർനിയമനം നൽകിയ സാഹചര്യത്തിൽ 14/6/2013 - തീയതിയിലെ GO(P)No. 19/2013/P&ARD - പ്രകാരം കെ.എസ് & എസ്.എസ്.ആർ, ഭാഗം-2, ചട്ടം - 8 ൽ വരുത്തിയ ഭേദഗതി ടിയാന്റെ പുനർനിയമനകാര്യത്തിൽ ബാധകമാകുന്നില്ല. ആയതിനാൽ പി.എസ്.സിയിൽ പുനർനിയമനത്തിന് ശേഷം ശ്രീ.ജോൺസൺ. ജി - യ്ക്ക് പ്രസ്തുത ഭേദഗതിയ്ക്ക് മുമ്പുള്ള ചട്ടം - 8 ലെ വ്യവസ്ഥകൾ പ്രകാരമുള്ള സർവ്വീസ് ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുമെന്നുള്ള വിവരം താങ്കളെ അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

Prasantha V K
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

I/4570161/2021

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്

നമ്പർ.സ്പെ.ഇ1/145/2021/പൊഭവ

06/12/2021,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
പട്ടം, തിരുവനന്തപുരം

സർ,

വിഷയം:- പൊഭവ - ജീവനക്കാര്യം - കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ അസിസ്റ്റന്റായി ജോലി നോക്കിവരുന്ന ശ്രീ.ജോൺസൺ.ജിയ്ക്ക് മാതൃവകുപ്പിൽ തുടർന്നിരുന്നുവെങ്കിൽ ലഭിക്കേണ്ടിയിരുന്ന സീനിയോറിറ്റി അനുവദിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1) 02.06.2021 തീയതിയിലെ സ്പെ.ഇ1/117/2020/പൊഭവ നമ്പർ സർക്കാർ കത്ത്.
2) താങ്കളുടെ 28.10.2021 തീയതിയിലെ എസ്റ്റാ.III (3) 34872/2006/GW നമ്പർ കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ അസിസ്റ്റന്റായി ജോലി നോക്കിവരുന്ന ശ്രീ.ജോൺസൺ.ജിയ്ക്ക് മാതൃവകുപ്പിൽ തുടർന്നിരുന്നുവെങ്കിൽ ലഭിക്കേണ്ടിയിരുന്ന സീനിയോറിറ്റി അനുവദിക്കുന്നത് സംബന്ധിച്ച് സൂചന 1 പ്രകാരം സർക്കാർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. ആയതിനാൽ ഈ വിഷയത്തിൽ വീണ്ടും സ്പഷ്ടീകരണം നൽകേണ്ട ആവശ്യമില്ല. മേൽ സാഹചര്യത്തിൽ സൂചന 1 ലെ കത്തിൽ നിർദ്ദേശിച്ചിരുന്ന പ്രകാരം ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

Prasantha V K
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി